ഈ പണിക്ക് കേരള വാട്ടർ അതോറിറ്റിയുടെയും സാമ്പത്തിക ബാദ്ധ്യതയെപ്പറ്റി കണക്കിലെടുത്ത് ജലസേചനവകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും സംയുക്തമായുള്ള പദ്ധതിയായി ഏറ്റെടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സാമ്പത്തിക പരിമിതികൾക്ക് വിധേയമായി കഴിയുന്നതും വേഗം ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിലേക്ക് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

പാറളം ശുദ്ധജല വിതരണ പദ്ധതി

50 (200) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറളം ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിക്കുള്ള ടാങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസ് ഇപ്പോൾ ഹൈക്കോടതിയിൽ നിലവിലുണ്ടോ ;

(സി) എങ്കിൽ, കേസ് ഉണ്ടാകുന്നതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിക്ക് ആവശ്യമായ പൈപ്പ് എത്ര മീറ്ററാണ് ; ഇതിൽ എത്ര പൈപ്പ് വിതരണം ചെയ്തിട്ടുണ്ട് ;

(ഇ) ആവശ്യമായ പൈപ്പ് ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകാമോ ;

(എഫ്) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ടാങ്കിന്റെ പണി പൂർത്തിയായി. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ ലൈനിന്റെ ആദ്യത്തെ റിച്ച് ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ഇ) പമ്പിംഗ് മെയിന് ആവശ്യമായ 9975 മീറ്റർ (ഇനംനമ്പർ 19) 250 എം.എം.സി.ഐ. ക്ലാസ്സ് 'എ' പൈപ്പുകളുടെ ബാക്കിയുള്ള 8475 മീറ്റർ പൈപ്പ് വാങ്ങാനുള്ള ടെണ്ടർ ലഭിച്ചിട്ടുണ്ട്. ടെണ്ടർ ഉറപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. മറ്റ് പൈപ്പുകൾ വിതരണശൃംഖലയ്ക്ക് ആവശ്യമുള്ളവയാണ്. അവ പദ്ധതികളുടെ ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടെയുള്ള മറ്റ് പണികൾ പുരോഗമിക്കുന്നതിന് അനുസൃതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 12/2000-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ഇത് ഇപ്പോൾ സാദ്ധ്യമാകില്ല. പദ്ധതി പൂർത്തിയാക്കൽ ഒരു വർഷം കൂടി താമസിച്ചേക്കും.

കുളനട ശുദ്ധജലവിതരണ പദ്ധതി

51 (201) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കുളനട ശുദ്ധജലവിതരണത്തിനുവേണ്ടി സർക്കാർ എന്തെങ്കിലും പദ്ധതി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയ്ക്കുവേണ്ടി എന്ത് തുകയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പദ്ധതിയുടെ പണി അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ത്വരിത ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

(ബി) 333 ലക്ഷം രൂപ (മുന്നൂറ്റി മുപ്പത്തിമൂന്ന് ലക്ഷം)

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

ചൊവ്വര പദ്ധതി

52 (202) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ-വൈപ്പിൻ മേഖലയിലെ കുടിവെള്ള പ്രശ്നപരിഹാരത്തിനായി നടപ്പാക്കുവാൻ ഉദ്ദേശിച്ച ചൊവ്വര പദ്ധതിയുടെ ഇന്നത്തെ അവസ്ഥ എന്താണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് സംഖ്യ എത്രയാണ് ;

(സി) എത്ര കോടി രൂപ എൽ.ഐ.സി./ഹഡ്കോ വായ്പ ലഭിച്ചു ;

(ഡി) പദ്ധതി ഏത് ഏജൻസിയാണ് നടപ്പാക്കുന്നത് ; ഈ പദ്ധതി നടത്തിപ്പിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(ഇ) ചൊവ്വര പദ്ധതി എന്ന് തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(എഫ്) അണ്ടർ ഗ്രൗണ്ട് ടാങ്ക് പണിയാനുള്ള സ്ഥലം അക്വയർ ചെയ്തിട്ടുണ്ടോ ; ട്രീറ്റ്മെന്റ് പ്ലാന്റും പമ്പ് ഹൗസും സ്ഥാപിക്കുന്നത് എവിടെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly